# മൂശാകാലം

## വചന വിചിന്തനം

### മൂശാകാലം മൂന്നാം ഞായർ

മത്താ 8,23-34

**യഥാർത്ഥ ശിഷ്യൻമാർ ആപത്ഘട്ടങ്ങളിൽ പ്രത്യാശയോടും വിശ്വാസത്തോടും കൂടെ ദൈവത്തിലാശ്രയിക്കുന്നവരും ജീവിതത്തിൽ നഷ്ടങ്ങളുണ്ടായാലും ദൈവം കൂടെയുണ്ടെങ്കിൽ എല്ലാം ലാഭമെന്ന് ചിന്തിക്കുന്നവരുമായിരിക്കും!**

*കർത്താവിന്റെ വചനത്തിൽ പ്രകൃതിപോലും അനുസരിക്കുന്നു. കാരണം, അവന്റെ വചനം ശക്തിദായകമാണ്!*

ജീവിതത്തിലുണ്ടാകാവുന്ന രണ്ട് പ്രതിസന്ധികളെയാണ് സുവിശേഷകൻ പരിചയപ്പെടുത്തുന്നത്; ഒന്ന്, കൊടുങ്കാറ്റാണെങ്കിൽ രണ്ട്, തങ്ങളുടെ ലാഭത്തിനും നേട്ടത്തിനും സുഖത്തിനും വേണ്ടി ദൈവത്തെ അതിർത്തി കടത്തുക എന്നതാണ്. ജീവിതമാകുന്ന തോണി കടലിലെ കൊടുങ്കാറ്റിൽപെട്ട് ഉലയുന്നു. ജീവിതത്തിലുണ്ടാകുന്ന ചെറിയ ചെറിയ പ്രലോഭനങ്ങൾ, ആരും സഹായിക്കാനില്ല എന്നുള്ള തോന്നൽ, ആരും സ്നേഹിക്കാനില്ല എന്നുള്ള തെറ്റിധാരണ, ജീവിതത്തെ പൊതിഞ്ഞുപിടിച്ചിരിക്കുന്നത് സഹനങ്ങൾ മാത്രമാണെന്ന് തെറ്റായ ധാരണ, നന്മ ചെയ്യാൻ സാധിക്കാത്ത അവസ്ഥ ഇതൊക്കെയാകാം നമ്മുടെ ജീവിത്തിൽ കൊടുങ്കാറ്റുകളായി വിരുന്നുവരുന്നത്. ഇവയെ അതിജീവിക്കാൻ സാധിക്കണം. ശിഷ്യൻമാരെന്നതുപോലെതന്നെയാണ് ക്രിസ്തുവും കടലിലുണ്ടായ വലിയ കൊടുങ്കാറ്റിനെ അഭിമുഖീകരിക്കുന്നത്. പക്ഷെ, ക്രിസ്തു മാത്രം കൊടുങ്കാറ്റിനെ ശാന്തതയോടെ വിശ്വാസത്തോടെ പ്രത്യാശയോടെ നോക്കിക്കാണുന്നു. ശിഷ്യൻമാർ ഇതിൽ പരാജയപ്പെട്ടുപോവുകയും ചെയ്യുന്നു.

ക്രിസ്തു തോണിയിൽ കയറിയപ്പോൾ ശിഷ്യൻമാർ അവനെ അനുഗമിക്കുകയാണ്. അവരുടെ യാത്ര പകുതി ദൂരമായപ്പോൾ കടലിൽ ഉഗ്രമായ കൊടുങ്കാറ്റ് രൂപപ്പെട്ടു. തോണി മുങ്ങത്തക്കവിധം ഭീകരമായ തിരമാലകൾ ഉയർന്നു. ശിഷ്യൻമാർ പേടിച്ച് വിറച്ചു ചത്തതിനൊപ്പമായി. ആപ്പോഴും ക്രിസ്തു ശാന്തമായി ഉറങ്ങുകയായിരുന്നു. ശിഷ്യൻമാർ ക്രസ്തുവിൻരെ അടുത്തുചെന്ന് അവനെ ഉണർത്തി അപേക്ഷിച്ചിട്ട് പറഞ്ഞു;

"കർത്താവേ, രക്ഷിക്കണമേ. ഞങ്ങൾ ഇതാ, നശിക്കുന്നു."

ക്രിസ്തു അവരുടെ അപേക്ഷ കേട്ടിട്ട് അവരോട് പറഞ്ഞു;

"അൽപവിശ്വാസികളേ, നിങ്ങളെന്തിനു ഭയപ്പെടുന്നു?"

തുടർന്ന് അവൻ എഴുന്നേറ്റ്, കാറ്റിനെയും കടലിനെയുംശാസിച്ചു. അപ്പോൾ വലിയ ശാന്തതയുണ്ടായി. ഇത് പഠിപ്പിക്കുന്ന പാഠം, "ജീവിതത്തിന്റെ കയ്പുനിറഞ്ഞ അവസരങ്ങളിലും സാധ്യതകളിലും സമയങ്ങളിലും ക്രിസ്തുവിനെപ്പോലെ വിശ്വാസത്തോടെ പ്രത്യാശയോടെ ദൈവത്തിലാശ്രയിക്കാൻ സാധിക്കണം" എന്നുള്ളതാണ്. ഇന്ന് പലപ്പോഴും നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്ന ഏറ്റവും നിസാരമായ പ്രശ്നങ്ങളിൽപ്പോലും നാം തോറ്റുപോകുന്നു എന്നുള്ളതാണ്. കാരണം, ജീവിതത്തെ വിശ്വാസത്തോടെ അഭിമുഖീകരിക്കുന്നതിൽ നാം തോറ്റുപോയിരിക്കുന്ന എന്നതുതന്നെ! ഹെബ്രായ ലേഖകൻ വിശ്വാസത്തെ പ്രത്യാശയെ നിർവചിക്കുന്നത്

ഇപ്രകാരമാണ്; "വിശ്വാസം എന്നതു പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യവുമാണ് (ഹെബ്രാ 11,1). ഈ ബോദ്ധ്യത്തിലേയ്ക്കുള്ള, തിരിച്ചറിവിലേയ്ക്കുള്ള വളർച്ചായണ് ഇന്ന് നമ്മളിൽ സംഭവിക്കേണ്ടത്. അങ്ങനെയുള്ളവർ ജീവിത്തിന്റെ പ്രലോഭനങ്ങളിലും പ്രതിസന്ധികളിലും വിശ്വാസത്തോടെ സമീപിക്കും... കത്തുന്ന മുൾപടർപ്പിലാണെങ്കിൽ പോലും ദൈവത്തിൽ അഭയം തേടും...

ജീവിതത്തിലുണ്ടാകാവുന്ന രണ്ടാമത്തെ പ്രതിസന്ധിയായി സുവിശേഷകൻ പരിചയപ്പെടുത്തുന്നത്; "തങ്ങളുടെ ലാഭത്തിനും നേട്ടത്തിനും സുഖത്തിനും വേണ്ടി ദൈവത്തെ അതിർത്തി കടത്തുക" എന്നതാണ്.

ക്രിസ്തു ഗദറായരുടെ ദേശത്തെത്തിയപ്പോൾ ശവക്കല്ലറകളിൽനിന്ന് ഇറങ്ങിവന്ന രണ്ടു അപകടകാരികളായിരുന്ന പിശാചുബാധിതർ അവനെ കണ്ടുമുട്ടുന്നു. അവർ അട്ടഹസിച്ചുകൊണ്ട് ക്രിസ്തുവിനോട് പറഞ്ഞു:

"ദൈവപുത്രാ, നീ എന്തിന് ഞങ്ങളുടെ കാര്യത്തിൽ ഇടപെടുന്നു? സമയത്തിനുമുമ്പ് ഞങ്ങളെ പീഡിപ്പിക്കാൻ നീ ഇവിടെ വന്നിരിക്കുകയാണോ?" തുടർന്ന് പിശാചുക്കൾ അവനോട് അപേക്ഷിക്കുകയാണ്: "നീ ഞങ്ങളെ പുറത്താക്കുന്നെങ്കിൽ ആ പന്നിക്കൂട്ടത്തിലേക്കയയ്ക്കണമേ!"

അതിന് മറുപടിയായി ക്രിസ്തു പറഞ്ഞു:

"പൊയ്ക്കൊള്ളുവിൻ."

ശ്മശാനത്തിൽ ജീവിച്ചിരുന്ന പിശാചുബാധിതർ! തിന്മകളുടെ ആവാസം നമ്മിൽ സംഭവിക്കുമ്പോൾ നാം വസിക്കുന്ന ഇടങ്ങൾ ശ്മശാനത്തിന് തുല്യമാകും!

അവ പുറത്തുവന്നു പന്നികളിൽ പ്രവേശിച്ചു. പന്നിക്കൂട്ടം മുഴുവൻ കിഴുക്കാംതൂക്കായ നിരത്തിലൂടെ പാഞ്ഞുചെന്ന് കടലിൽ മുങ്ങിച്ചത്തു. പന്നിമേയ്ക്കുന്നവർ ഭയപ്പെട്ടോടി, പട്ടണത്തിലെത്തി, എല്ലാകാര്യങ്ങളും, പിശാചുബാധിതർക്കു സംഭവിച്ചതും അറിയിച്ചു. ഈ സംഭവത്തെ കുറിച്ച് കേട്ട പട്ടണം മുഴുവൻ ക്രിസ്തുവിനെ കാണാൻ പുറപ്പെട്ടുവന്നു. അവർ അവനെ കണ്ടപ്പോൾ അവർ ക്രിസ്തുവിന്റെ അടുത്ത് പറഞ്ഞത് ഒന്നുമാത്രം;

"നീ ഞങ്ങളുടെ അതിർത്തി വിട്ടുപോകണം" (മത്താ 8,34).

ഗദറായർ തങ്ങളുടെ ലാഭത്തിനും നേട്ടത്തിനും സുഖത്തിനും വേണ്ടി ദൈവത്തെയും അവന്റെ വചനങ്ങളെയും അതിർത്തി കടത്തുന്നു! നീ ഇനി ഇവിടെ നിൽക്കുന്നത് ഞങ്ങൾക്ക് വലിയ നഷ്ടത്തിന് കാരണമായേക്കാം. അതുകൊണ്ട് എത്രയും പെട്ടന്ന് നീ ഞങ്ങളുടെ അതിർത്തി വിട്ട് പോകണം. ക്രിസ്തു പ്രഖ്യാപിച്ചിരുന്നത് തിൻമകളോടും അവന്റെ ശക്തികളോടുമുള്ള സന്ധിയില്ലാ സമരമാണ്. അതുകൊണ്ട് തന്നെ തിന്മകളെയും അവന്റെ ശക്തികളെയും തച്ചുടയ്ക്കാനായിരുന്നു അവൻ ജീവിച്ചതും പ്രവർത്തിച്ചതും. ഒരാൾക്ക് രണ്ട് വഞ്ചിയിൽ കാൽവയ്ക്കാൻ സാധിക്കില്ല എന്നു പറയുന്നതുപോലെ ദൈവത്തിന്റെയും ചെകുത്താന്റെയും കൂടെ ഓരേസമയം നിലയുറപ്പിക്കാൻ സാധിക്കില്ല. ഒന്നുകിൽ ദൈവം. അല്ലെങ്കിൽ ചെകുത്താൻ. ഇങ്ങനെയുള്ള തിരഞ്ഞെടുപ്പിനുള്ള സമയം ഗദറായർക്ക് വന്നപ്പോൾ അവർ തിരഞ്ഞെടുത്തത് ചെകുത്താനെയാണ്. ദെവത്തെ പടിക്ക് പുറത്താക്കുകയും ചെയ്തു. എങ്കിൽ, ഇതിനുമുമ്പിൽ നമ്മുടെ ജീവിതങ്ങളെ വച്ച് ചിന്തിക്കാം. ഇപ്രകാരമുള്ള ഒരു തിരഞ്ഞെടുപ്പിന് ദൈവം അവസരം തന്നാൽ നാം ആരെ തിരഞ്ഞെടുക്കും "ദൈവത്തേയോ അതോ ചെകുത്താനെയോ?" "ദൈവത്തെയോ അതോ സമ്പത്തിനോയോ?" "ദൈവത്തേയോ അതോ സുഖസൗകര്യങ്ങളെയോ?" "ദൈവത്തേയോ അതോ സ്വാർത്ഥലാഭങ്ങളേയോ?" നിന്റെ തിരഞ്ഞെടുപ്പ് നിന്റെ ജീവിതത്തിന്റെ ഭാഗദേയം നിർണയിക്കും. മരണശേഷം സ്വർഗ്ഗ വാതിൽക്കലെത്തിയ

മത്തായിചേട്ടൻ സ്വർഗ്ഗത്തിന്റെ ഗേറ്റിൽ പത്രോസ്ശ്ലീഹായെ കണ്ടു മുട്ടി. പത്രോസ്ശ്ലീഹ മത്തായിചേട്ടനോട് പറഞ്ഞു; "സ്വർഗ്ഗത്തിൽ പ്രവേശിക്കണമെങ്കിൽ നിങ്ങൾ ഒരു വാക്കിന്റെ സ്പെല്ലിങ്ങ് പറയേണ്ടതുണ്ട്."

മത്തായിചേട്ടൻ: "പ്രഭോ... ഏതാണാ വാക്ക് ?"

പത്രോസ്ശ്ലീഹ: "ലവ്"

മത്തായിചേട്ടൻ: "L O V E"

പത്രോസ്ശ്ലീഹ: "വളരെ ശരിയാണ് അകത്തേക്ക് വരൂ."

മത്തായിചേട്ടനെയും കൂട്ടി അകത്തേക്ക് പ്രവേശിക്കുതിനിടെ പത്രോസ് ശ്ലീഹായുടെ മൊബൈൽ ബെല്ലടിച്ചു. മൊബൈൽ എടുത്ത് സംസാരിച്ചതിന് ശേഷം മത്തായി ചേട്ടനോട് പറഞ്ഞു; "ദൈവം എന്തോ വളരെ അത്യാവശ്യ കാര്യത്തിനായി വിളിക്കുന്നു.... ഞാൻ തിരിച്ചു വരുതുവരെ നീ ഈ ഗെയിറ്റിനു കാവൽ നിൽക്കണം."

മത്തായിചേട്ടൻ: "ഉത്തരവ് പ്രഭോ!!"

പത്രോസ്ശ്ലീഹ: "ഞാൻ തിരിച്ചു വരുതിനിടയിൽ ആരെങ്കിലും വരികയാണെങ്കിൽ നീ ഇതേ ചോദ്യം അവരോട് ചോദിക്കുക. കൃത്യമായി സ്പെല്ലിങ്ങ് പറയുകയാണെങ്കിൽ അവരെ നീ സ്വർഗത്തിലേക്ക് കടത്തി വിടുക. അല്ലാത്ത പക്ഷം നീ അവർക്ക് അടുത്ത ഗെയിറ്റ് കാണിച്ചു കൊടുക്കുക. അത് നരകത്തിലേക്കുള്ള ഗെയിറ്റ് ആണ്. ഭയപ്പെടേണ്ട അങ്ങോട്ട് പോയവർക്ക് വീണ്ടും തിരിച്ചു വരാൻ കഴിയില്ല. അവിടെ എത്തുമ്പോഴേക്കും അവർ നരകത്തിൽ വീണിരിക്കും..." അറിയാതെയാണെങ്കിലും ശശി ഒന്ന് ഞെട്ടിപ്പോയി.

പത്രോസ്ശ്ലീഹ പോയി കുറച്ചു കഴിയുമ്പോഴേക്കും ഒരു സ്ത്രീ അങ്ങോട്ട് വരുതായി മത്തായിചേട്ടൻ കണ്ടു! മത്തായിചേട്ടൻ പകച്ചു പോയി... അത് മത്തായിചേട്ടന്റെ ഭാര്യയായിരുന്നു.

മത്തായിചേട്ടൻ: "ഹായ് ലീലേ... നീയെങ്ങിനെ ഇവിടെ എത്തി?!"

ലീല: "അതോ ചേട്ടാ... നിങ്ങളുടെ ശവമടക്ക് കഴിഞ്ഞു വീട്ടിലേക്ക് പോകുന്നവഴി എന്നെ ഒരു ബസ് ഇടിച്ചു. പിന്നെ ഞാൻ കാണുത് ഈ സ്ഥലമാണ്." ഇതുംപറഞ്ഞ് സ്വർഗ്ഗത്തിലേക്ക് ഓടിക്കയറാൻ തിരക്കുകൂട്ടിയ ഭാര്യയെ തടഞ്ഞുകൊണ്ട് ശശി പറഞ്ഞു.

"നിൽക്ക് നിൽക്ക് ഇവിടുത്തെ നിയമമനുസരിച്ച് സ്വർഗത്തിൽ കടക്കണമെങ്കിൽ ഒരു വാക്കിന്റെ SPELLING പറയണം. കൃത്യമായി SPELLING പറഞ്ഞാൽ മാത്രമേ സ്വർഗത്തിൽ കടക്കാൻ പറ്റൂ. അല്ലാത്ത പക്ഷം അടുത്ത ഗെയിറ്റിലൂടെ നീ നരകത്തിലേക്ക് ആനയിക്കപ്പെടും."

ലീല: "ഏതാണാ വാക്ക് ?"

മത്തായിചേട്ടൻ: "ചെക്കോസ്ലോവാക്യ."

ഗദരായർ ക്രിസ്തുവിനെ പടിയിറക്കി പിണ്ഡം വയ്ക്കുന്നതിനെ ധ്യാനിക്കുമ്പോൾ ക്രിസ്തു ചോദിക്കുന്ന ചോദ്യം നിന്റെ വ്യക്തിപരമായ ആഗ്രഹങ്ങൾക്കും സുഖങ്ങൾക്കും വേണ്ടി മറ്റുള്ളവരെ പടിക്ക് പുറത്താക്കാറുണ്ടോ? ദൈവത്തെക്കാൾ അധികം നിന്റെ ഇഷ്ടങ്ങൾക്കും താത്പര്യങ്ങൾക്കും വലിയ വില നീ കൽപ്പിക്കാറുണ്ടോ?

"നീ എന്തിന് ഞങ്ങളുടെ കാര്യത്തിൽ ഇടപെടുന്നു?" പിശാചുബാധിതർ ക്രിസ്തുവിനോട് ചോദിച്ച ചോദ്യം. ഇതേ ചോദ്യം തന്നെ നാം ക്രിസ്തുവിനോട് വീണ്ടും ചോദിച്ചുകൊണ്ടിരിക്കുന്നു!!!

***"സംശയമനസ്കനും എല്ലാകാര്യങ്ങളിലും ചഞ്ചലപ്രകൃതിയുമായ ഒരുവന് എന്തെങ്കിലും കർത്താവിൽനിന്നു ലഭിക്കുമെന്നു കരുതരുത്."***

(യാക്കോ 1,7–8)

ഫാ. ജോബി മേനോത്ത്
+91 9447777931